## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*158** | **01/02/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.ഒ.ആർ. കേളു<br>,, കെ. ദാസൻ<br>,, എം. നൗഷാദ്<br>,, ഡി.കെ. മുരളി | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഭവനരഹിതർക്ക് വാസഗൃഹത്തോടൊപ്പം അവരുടെ സാമ്പത്തിക ശാക്തീകരണം കൂടി ലക്ഷ്യമാക്കുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ ഭവനം നൽകുക എന്നതാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. അതിലുപരിയായി മിഷൻ ഗുണഭോക്തൃ കുടുംബത്തിലെ ഒരാളിനെങ്കിലും സ്ഥായിയായ വരുമാനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി തൊഴിൽ പരിശീലനം/നൈപുണ്യ വികസനം നൽകുക എന്നത് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.<br>ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വിവര ശേഖരണം നടത്തി. അത്തരത്തിൽ 12,45,174 പേരുടെ വിവരശേഖരണം നടത്തിയതിൽ അർഹതയുള്ള 3,99,001 പേരുടെ പട്ടിക പ്രസിദ്ധീകരിച്ചു. തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും കളക്ടർതലത്തിലും അപ്പീലുകൾ സ്വീകരിച്ചു അതിൻമേൽ തീരുമാനമെടുത്തു അർഹരായവരെ ഉൾക്കൊള്ളിക്കയും, അനർഹരെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് ഗ്രാമസഭ/വാർഡ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും നിലവിൽ 1027 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വാർഡുകൾ പട്ടിക അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>മിഷന്റെ ആദ്യഘട്ടത്തിൽ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ 66750 പേരെ കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 3661 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതർക്കു ഭവന സമുച്ച യങ്ങൾ നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഓരോ ജില്ലയിലും ഒരു ഭവന സമുച്ചയം ആദ്യഘട്ടത്തിൽ നിർമിക്കുന്നതിനായി സ്ഥലം കണ്ടെത്തി. ഇതിൽ ഏഴ് സ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ തയ്യാറാക്കി. തുടർഘട്ടങ്ങളിൽ ഭവന സമുച്ചയം നിർമിക്കുന്നതിനായി 151 സ്ഥലങ്ങളിലായി 237 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട് ആയതിന്റെ നിർവഹണ സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ബി) | അർഹരായ ഗുണഭോക്താക്കളെ പരാതിരഹിതമായി കണ്ടെത്തുന്നതിനും വിഭവസമാഹരണത്തിന് കർമ്മസേന രൂപീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സാധ്യത പട്ടിക തയ്യാറാക്കി, അവരുടെ താമസസ്ഥലങ്ങൾ കുടുംബശ്രീ പ്രവർത്തകർ മുഖേന സന്ദർശിച്ച് വിവര ശേഖരണം നടത്തി. ഇത്തരത്തിൽ 12,45,174 പേരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.തുടർന്ന്, ഇവരുടെ വിവരങ്ങൾ MIS ൽ രേഖപ്പെടുത്തുകയും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന, അർഹരായ 3,99,001 പേരുടെ കരട് പട്ടിക പ്രസിദ്ധികരിക്കുകയും ചെയ്തു. തുടർന്ന്, തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം, പട്ടിക വാർഡ് സഭ/ഗ്രാമസഭയിൽ അവതരിപ്പിച്ചു നിലവിൽ 1027 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭകൾ പട്ടിക അംഗീകരിച്ചിട്ടുണ്ട്. ജില്ലാ അപ്പീൽ കഴിഞ്ഞപ്പോൾ 517620 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>വിഭവ സമാഹരണത്തിനായി കർമസേന രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. എന്നാൽ ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർ പൂർത്തീകരിക്കാത്ത ഭവനങ്ങൾ സന്ദർശിച്ചുവിവരങ്ങൾ ശേഖരിക്കുകയും സ്വന്തമായി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളെ കണ്ടെത്തി, പൂർത്തീകരിക്കാനാവശ്യമായ മനുഷ്യാദ്ധ്വാനവും സാമ്പത്തികവും കണ്ടെത്തി വരുന്നു. |
| (സി) | ഭൂരഹിത-ഭവനരഹിതർക്കായുള്ള ഭവന സമുച്ചയ നിർമ്മാണത്തിനായി നടത്തിയ പ്രാരംഭ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | ഭൂരഹിത ഭവന രഹിതർക്കായുള്ള ഭവന സമുച്ചയങ്ങൾ നിർമിക്കുന്നതിന് ആദ്യഘട്ടത്തിൽ 14 ജില്ലകളിലും ഓരോ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള വിശദമായ പ്രോജെക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളെ ഏൽപ്പിച്ചു |

| | | | |
|---|---|---|---|
| | | | കാസർഗോഡ്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിൽ നിർമിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിൽ കെട്ടിട നിർമാണത്തിന് പ്രീ ഫാബ്രിക്കേഷൻ ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നുണ്ട്. ഇതിനായി രണ്ടു പ്രാവശ്യം ഹൈ ലെവൽ കമ്മിറ്റികൾ കൂടിയിട്ടുണ്ട് ഡി.പി.ആർ -ന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ? | (ഡി) | പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനായി നിരവധി ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യം, വിവിധ കർമ്മ പരിപാടികൾ, വിവിധ ഉദ്യോഗസ്ഥ സംവിധാനങ്ങൾ വിദഗ്ധ സമിതികൾ എന്നിവ രൂപീകരിച്ച് വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.<br>പദ്ധതി പ്രവർത്തനം, വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും, നയപരമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ മിഷൻ പ്രവർത്തിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി മിഷൻ ഉപസമിതി, എസ്.എൽ.ഇ.സി/സബ്കമ്മറ്റി എന്നിവ പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ കീഴിൽ മിഷൻ പ്രവർത്തിച്ചു വരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും മിഷൻ പ്രവർത്തിക്കുന്നു.<br>പ്രസ്തുത സമിതികൾ യഥാസമയം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന മിഷനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാമിഷനും തദ്ദേശ സ്വയംഭരണ സമിതി അദ്ധ്യക്ഷനായി തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷനും പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിലുപരിയായി പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, അദ്ധ്യക്ഷനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല കർമ്മസേനയും, ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല കർമ്മസേനയും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട മേഖല വർക്കിന്റെ ഗ്രൂപ്പ് കർമ്മസേനയായും പ്രവർത്തിക്കുന്നു. ഇവർക്കു ആവശ്യമായ നിർദ്ദേശവും സമയബന്ധിതമായ പ്രവർത്തന ലക്ഷ്യവും നൽകി, പദ്ധതി പ്രവർത്തനം സമയ ബന്ധിതമായി നടപ്പിലാക്കുന്നുവെന്നു ഉറപ്പു വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**